"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - റെയിൽവേയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ശുചീകരണ പ്രവർത്തനം നടത്തുന്നതിനിടെ ഒഴുക്കിൽ പെട്ട് മരണപെട്ട റെയിൽവേ കരാർ തൊഴിലാളിയായ ശ്രീ ജോയിയുടെ മാതാവിന് ഭൂമി വാങ്ങി നൽകിയതിന്റെ രജിസ്ട്രേഷൻ നടപടികൾക്കായി ജില്ലാ പഞ്ചായത്ത് തുക ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2295/2025/LSGD തീയതി,തിരുവനന്തപുരം, 22-09-2025

---

പരാമർശം:-

1. സ.ഉ(പി) നം.113/2020/ടാക്സ് തീയതി 08/09/2020
2. സ.ഉ(സാധാ) നം.1773/2024/തസ്വഭവ തീയതി 26/09/2024
3. തിരുവനന്തപുരം ജില്ല പഞ്ചായത്ത് സെക്രട്ടറിയുടെ 17/02/2025 ലെ തസ്വഭവ/ഡി.പി/ടിവിഎം/1762/2024-പി6 നമ്പർ കത്ത്.
4. രജിസ്ട്രേഷൻ ഇൻപെക്ടർ ജനറലുടെ 06/08/2025 ലെ ഐ.ജി.ആർ/2154/2025-ആർ.ആർ4 നമ്പർ കത്ത്.

**ഉത്തരവ്**

റെയിൽവേയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ശുചീകരണ പ്രവർത്തനം നടത്തുന്നതിനിടെ ഒഴുക്കിൽ പെട്ട് മരണപെട്ട റെയിൽവേ കരാർ തൊഴിലാളിയായ ശ്രീ. ജോയിയുടെ മാതാവിന് ഭൂമി വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 5,00,000/-രൂപ (അഞ്ച് ലക്ഷം) ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 5 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുക്കുകയും, നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിൽ 726/2-4, 726/2-4-1 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 5 സെന്റ് സ്ഥലം കണ്ടെത്തുകയും 4,50,000/- രൂപയ്ക്ക് ശ്രീ. ജോയിയുടെ മാതാവിന് വാങ്ങി നൽകുകയും ചെയ്തു. ടി പദ്ധതി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടതല്ലാത്തതിനാൽ പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ ഫീസ്

ഇളവ് ലഭ്യമല്ലാത്തതിനാൽ, ഡോക്യുമെന്റേഷൻ ഫീസായി ചെലവഴിച്ച 50000/- രൂപ (Stamp duty-36000/-, Registration Fee-9130/-, ആധാരം തയ്യാറാക്കൽ -കൈപ്പട-കടലാസ് ഫീസ് -4870/-)) സാധൂകരിച്ച് നൽകണമെന്ന് തിരുവനന്തപുരം ജില്ല പഞ്ചായത്ത്സെക്രട്ടറി പരാമർശം 3 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റെയിൽവേയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ശുചീകരണ പ്രവർത്തനം നടത്തുന്നതിനിടെ ഒഴുക്കിൽ പെട്ട് മരണപെട്ട റെയിൽവേ കരാർ തൊഴിലാളിയായ ശ്രീ ജോയിയുടെ മാതാവിന് സ്ഥലം വാങ്ങി നൽകിയതിന്റെ ഡോക്യുമെന്റേഷൻ ഫീസായി ജില്ലാ പഞ്ചായത്ത് ചെലവഴിച്ച 50000/- രൂപ സാധൂകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം

സെക്രട്ടറി, ജില്ല പഞ്ചായത്ത്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sheeba. S. C**
**Date: 24-09-2025 09:48:46**
സെക്ഷൻ ഓഫീസർ